## റിസർവ് ബാങ്ക്, ബാങ്കുകളോട് ആവശ്യപ്പെടുന്നത് സാധാരണ ബാങ്ക് ഇടപാടുകാരെ ആർ റ്റി ജി എസ്സി ന്റെ പരമാവധി ഗുണഭോക്താക്കാളാകണ മെന്നാണ്.

**ജൂലൈ 21, 2003**

മാനുഷിക വിഭവ ശേഷിയാ നിർമാണപ്രവർത്തനങ്ങൾക്ക് മുൻപുള്ള പ്രവർത്തന ജോലികളും, അതിന്റെ സുരക്ഷയും അവരുടെ ഭാഗത്താണെന്നും ആർ റ്റി ജി എസ് സൗകര്യങ്ങൾ എല്ലാ ഇടപാടുകാർക്കും ലഭിക്കുമെന്നുറപ്പു നൽകണമെന്നും റിസർവ്വ് ബാങ്ക് ഡെപ്യൂട്ടി ഗവർണർ വേപ കാമേശം ബാങ്കുകളോടാവശ്യപ്പെട്ടു. എല്ലാ പ്രധാന കേന്ദ്ര ബാങ്കുകളുടെയും പ്രധാന ലക്ഷ്യം. ബാങ്ക് എക്സിക്യുട്ടീവുകൾ പങ്കെടുത്താൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ വച്ചുള്ള മീറ്റിംഗിലാണ് അദ്ദേഹം ഇതു പറഞ്ഞത് സാധാരണക്കാരന് ഏറ്റവും ഫലപ്രദവും ചെലവ് ചുരുക്കിയും ഉള്ള കൊടുക്കൽ വാങ്ങൽ സമ്പ്രദായം ആധുനികവും സുരക്ഷിതവുമായ രീതിയിൽ ചെയ്തുകൊടുക്കുകയാണ് എല്ലാ കേന്ദ്ര ബാങ്കുകളുടെയും പ്രധാന ലക്ഷ്യം ബാങ്കുകളുടെ നിക്ഷേപങ്ങൾ ആർ റ്റി ജി എസ്സ് ന്റെ പദ്ധതി നടപ്പാക്കാനുപയോഗിക്കണമെന്ന് ചർച്ചയിൽ പറഞ്ഞു.

ആർ റ്റി ജി എസ് സിസ്റ്റം നടപ്പാക്കുന്നതിന് മുൻകൂറായി ചില കാര്യങ്ങളാവശ്യമാണ്, വ്യവസായങ്ങൾ തോറും വാർത്താവിനിമയ ബന്ധമുണ്ടായിരിക്കണം. വിശ്വസ്ഥമായ ശബ്ദമില്ലാത്ത കമ്പ്യൂട്ടർ പ്ളാറ്റ്ഫോം, പ്രധാനപ്പെട്ട പണം അടയ്ക്കാനുള്ള ഇലക്ട്രോണിക്സ് രീതിയിൽ പേമെന്റും, സെറ്റിൽമെന്റും നടത്തുന്നതിനുള്ള സൗകര്യം, മെസ്സേജ് മാതൃകകൾ, ബാങ്കുകൾ വഴിയുള്ള അപേക്ഷ, നല്ല സന്ദേശത്തിനുള്ള മാതൃകകൾ സാർവ്വദേശിക നിലവാരത്തിലുള്ള സുരക്ഷയുള്ളവ - ശരിയായ രീതിയിലുള്ള ബിസിനസ്സ് തരം തിരിക്കലും ഓരോ ആർ ടി ജി എസിൽ ഭാഗഭാഗക്കാക്കുന്നവർക്ക് വേണ്ട മുൻകൂർ മാനേജ്മെന്റ് എന്നിവ ഇതിനു മുൻകൂട്ടി ആവശ്യമാണ്.

ഈ സന്ദർഭത്തിൽ ബാങ്കുകൾ ചർച്ച ചെയ്ത് ലിക്വിഡിറ്റി വക വച്ചു ലേലം ചെയ്യാനുള്ള ഏർപ്പാട്, എസ് എൽ ആർ ജാമ്യത്തിലുള്ള ഈടുകളും നൽകി ഇടപാടുകാരുടെ അക്കൗണ്ടിൽ നിന്ന് തുക, നോട്ടീസു കൂടാതെ മാറ്റുന്നതിനും സൗകര്യമുണ്ടാക്കി ബാങ്കുകളുടെ മാനേജ്മെന്റ് സൗകര്യം വർദ്ധിപ്പിക്കണം. പുതിയ ഉല്പ്പന്നങ്ങൾക്കും, ബാങ്കുകൾക്കും ഇടപാടുകാർക്കും ആർ.റ്റി.ജി.എസ് സമ്പ്രദായം കൂടുതൽ സേവനം പ്രദാനം ചെയ്യുന്നു. ഇത് ബാങ്കുകൾക്ക് വരുമാനം വർദ്ധിപ്പിക്കാനുള്ള അധിക മാർഗ്ഗമാണ്. എന്നാൽ ഈ സമ്പ്രദായം നടപ്പാക്കുന്നത് സാധനങ്ങളുടെ വില, ഘടന, പെട്ടെന്ന് കിട്ടുന്ന ഫണ്ട് എന്നിവ പരിഗണിച്ചുവേണം.

റിസർവ് ബാങ്ക് നേരത്തെ തന്നെ സി എഫ് എം എസ് കേന്ദ്രഫണ്ട് മാനേജ്മെന്റ് സമ്പ്രദായം പ്രവർത്തിച്ചു തുടങ്ങിയുട്ടുണ്ടെന്നാണ് ആർ.റ്റി.ജി.എസ് സമ്പ്രദായത്തെ

പുനരവലോകനം ചെയ്ത് റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണർ പറഞ്ഞത്. അതനുസരിച്ച് ബാങ്കുകൾക്ക് 156 ആർ ബി ഐ സെന്ററുകളുടെയും ഫണ്ട് നിലവാരം ഓൺലൈൻ സമ്പ്രദായത്തിലറിയാം. സി എഫ് എം എസ് പ്രകാരം ആർ ബി ഐ ഓഫീസുകളും ബാങ്കുകളും തമ്മിലുള്ള ഒടുവിൽ ഫണ്ട് ട്രാൻസ്ഫർ ഫെസിലിറ്റി 2003 സെപ്റ്റംബർ ഒടുവിൽ ലഭിക്കുന്നതാണ്. ഇങ്ങനെ ചിട്ടപ്പെടുത്തിയിട്ടുള്ള ഫൈനാൻസ് മെസേജിംഗ് സിസ്റ്റം ( എസ് എഫ് എം എസ്) അനുസരിച്ചുള്ള പണം അന്താരാഷ്ട്ര ഫണ്ടുകൾ മതിയായ ജാമ്യത്തിൽ നൽകും.

ബാങ്ക് കസ്റ്റമേഴ്സിന്റെ ഇടയിൽ ഒരു അഭിപ്രായം രൂപപ്പെടുത്തുന്നതിന് വേണ്ടി നിർണ്ണായക പങ്ക് വഹിക്കുന്നതിന് ബാങ്ക് എക്സിക്യൂട്ടീവുകളെ ആഹ്വാനം ചെയ്തു. സാധാരണ ഇടപാടുകാർക്ക് ആർ റ്റി ജി എസ് സൗകര്യങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ഇപ്പോഴുള്ള ക്രെഡിറ്റ് പേയ്മെന്റ് സിസ്റ്റത്തിനു പകരം ക്രെഡിറ്റ് ട്രാൻസ്ഫർ സൗകര്യമുള്ളത് ചൂണ്ടിക്കാണിക്കണം. ഇടപാടുകാരും ബാങ്കുകളുമായുള്ള ബന്ധം മെച്ചപ്പെടുത്തണം. 21 സെന്ററുകളിൽ മാത്രമല്ല 126 സെന്ററുകളിൽകൂടി ഇത് വ്യാപിപ്പിക്കണം. ശ്രീ കാമേശത്തിന്റെ അഭിപ്രായത്തിൽ ഇതിന്റെ ഗുണം നഗരത്തിൽ മാത്രമല്ല ഗ്രാമീണർക്കും ലഭിക്കണം എന്നതാണ്.

അജിത് പ്രസാദ്
മാനേജർ

പത്രക്കുറിപ്പ്
2003-2004/96